പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

മുപ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

## 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014–2016)

**മുപ്പതാമത് റിപ്പോർട്ട്**

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

**2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ സംബന്ധിച്ച്**

12/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)

## ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 186/2009, 409/2009, 470/2009, 471/2009, 469/2010, 568/2010, 434/2011, 200/2012 എന്നീ എസ്. ആർ. ഒ.കൾ സംബന്ധിച്ച് സമിതിയുടെ 16-10-2012, 12-8-2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ നിയമം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും അവരിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതുമാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ (2008-ലെ 17-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച 186/2009, 409/2009, 1012/2009, 568/2010, 200/2012 എന്നീ നമ്പർ എസ്.ആർ. ഒ.കൾ സംബന്ധിച്ച റിപ്പോർട്ട്

കേരള സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുകൊണ്ടുള്ള 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2008-ലെ 17-ാം ആക്റ്റ്) 2008 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 186/2009, 409/2009, 470/2009, 471/2009, 1012/2009, 469/2010, 568/2010, 434/2011, 200/2012 എന്നീ നമ്പർ എസ്. ആർ. ഒ.കൾ സമിതിയുടെ 16-10-2012, 12-8-2015 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും, നിയമം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്. ആർ. ഒ.കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളും സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

### എസ്. ആർ. ഒ. നമ്പർ 186/2009 തീയതി 25-2-2009
### [ജി.ഒ.(പി)നമ്പർ 25/2000/തൊഴിൽ തീയതി 25-2-2009]

2. ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടിയാണ് ഈ എസ് .ആർ. ഒ.യിലൂടെ 2009-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് എസ്. ആർ. ഒ. നമ്പർ 470/2009-ലൂടെ 11-6-2009 മുതൽ പ്രാബല്യം നൽകിയതായി സമിതി മനസ്സിലാക്കി.

3. ആക്റ്റിലെ 12(ബി) വകുപ്പ് പ്രകാരം അംഗത്വം നഷ്ടപ്പെട്ടയാൾക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള ഉത്തരവിനെതിരെ പരാതിയുണ്ടെങ്കിൽ ഉത്തരവ് കിട്ടി 30 ദിവസത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും, അപ്പീലിന്മേൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണെന്നും എന്നാൽ ബോർഡ് സ്വമേധയായോ, ബന്ധപ്പെട്ടവരുടെ ഹർജിയുടെ അടിസ്ഥാനത്തിലോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ്

പുനഃപരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും ഖണ്ഡിക 16-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഖണ്ഡിക 15(3) പ്രകാരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ 60 ദിവസത്തിനകം അപേക്ഷയിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഖണ്ഡിക 16 പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ബോർഡിനോ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പരാതിക്കാരന് നീതി ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്ന് നിരീക്ഷിച്ച സമിതി അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയും ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞതിന് സേവനാവകാശ നിയമപ്രകാരം സമയപരിധി നിശ്ചയിക്കേണ്ടതുണ്ടെന്നും അക്കാര്യം ബോർഡാണ് തീരുമാനിക്കേണ്ടതെന്നും മൂന്ന് മാസത്തിലൊരിക്കലാണ് ബോർഡ് യോഗം ചേരുന്നതെന്നും സമയപരിധി നിശ്ചയിച്ച് കഴിഞ്ഞാൽ അതിനുള്ളിൽ ബോർഡിന് യോഗം ചേരാൻ കഴിയാതിരുന്നാൽ ബുദ്ധിമുട്ടാകുമെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. തുടർന്നും ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി <u>ഖണ്ഡിക 15(3) പ്രകാരമുള്ള ഉത്തരവിനെതിരെയുള്ള അപ്പീൽ അപേക്ഷ (ഖണ്ഡിക 16 പ്രകാരം) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് ബോർഡ് സ്വമേധയായോ ബന്ധപ്പെട്ടവരുടെ ഹർജിയുടെ അടിസ്ഥാനത്തിലോ പുനഃപരിശോധിക്കുന്നപക്ഷം ആയത് സംബന്ധിച്ച തീരുമാനം തൊട്ടടുത്ത ബോർഡ് യോഗത്തിൽ തന്നെ എടുക്കണമെന്നുള്ള വ്യവസ്ഥ ഖണ്ഡിക 16-ൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.</u>

4. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള അപേക്ഷാ ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള ഖണ്ഡിക 18(4) പരിശോധിച്ച സമിതി ഒന്നിലധികം തവണ ഭേദഗതി വരുത്താവുന്നതാണോയെന്നും അങ്ങനെയെങ്കിൽ 'ഭേദഗതി' എന്നത് 'ഒരു തവണ ഭേദഗതി വരുത്തുന്നതിന് ' എന്ന് തിരുത്തൽ വരുത്തേണ്ടതല്ലേയെന്നും ആരാഞ്ഞതിന് ഒരു അപേക്ഷയിൽ തന്നെ ഒന്നിൽക്കൂടുതൽ ഭേദഗതി വരുത്തുവാൻ ആവശ്യപ്പെടാവുന്നതാണെന്നും ഒരു അപേക്ഷയ്ക്കാണ് 25 രൂപ ഫീസ് ഈടാക്കുന്നതെന്നും അല്ലാതെ ഒരോ ഭേദഗതിക്കും അല്ലെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ <u>ഖണ്ഡിക 18(4)-ലെ " ......... അപേക്ഷാഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്നത് "ഓരോ അപേക്ഷയ്ക്കും ഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.</u>

5. ഒരു അപേക്ഷയിൽ തന്നെ ഒന്നിലധികം ഭേദഗതികൾ വരുത്താവുന്നതാണെന്നതിനാൽ ഫാറം നമ്പർ മൂന്നിന്റെ തലക്കെട്ടിലും, ഫാറത്തിലെ ക്രമനമ്പർ 8-ലും 'ഭേദഗതി' എന്നുള്ളത് 'ഭേദഗതികൾ ' എന്ന് തിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

6. ഫാറം നമ്പർ 3-ന്റെ ക്രമനമ്പർ 6-ലെ "ഭേഗഗതി" എന്ന വാക്ക് "ഭേദഗതി" എന്ന് തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

7. 'തൊഴിലുടമയുടെ രജിസ്ട്രേഷൻ' എന്ന തലക്കെട്ടോടുകൂടിയ ഖണ്ഡിക 17 പരിശോധിച്ച സമിതി ഖണ്ഡിക 17(1)-ൽ "ആക്റ്റിന്റെയും പദ്ധതിയുടെയും പരിധിയിൽ വരുന്ന എല്ലാ ചെറുകിട തോട്ടങ്ങളും ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും .........എല്ലാ തൊഴിലുടമകളും തങ്ങൾ തൊഴിലുടമകളായിട്ടുള്ള ചെറുകിട തോട്ടം, പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് 1-ാം നമ്പർ ഫാറത്തിൽ .......... അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായി മനസ്സിലാക്കുകയും ഫാറം 1-ലെ തലക്കെട്ട് "തൊഴിലുടമയുടെ രജിസ്ട്രേഷനുള്ള അപേക്ഷ" എന്ന് നൽകിയിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആരായുകയുമുണ്ടായി. പ്രസ്തുത തലക്കെട്ടിൽ അവ്യക്തതയുണ്ടെന്നും നിയമപ്രകാരം തൊഴിലുടമയുടെയും തോട്ടം തൊഴിലാളികളുടെയും രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ടെന്നും, തോട്ടമാണ് ആദ്യം രജിസ്റ്റർ ചെയ്യേണ്ടതെന്നും തോട്ടം രജിസ്റ്റർ ചെയ്താലേ തോട്ടമുടമയ്ക്ക് അംഗത്വം ലഭിക്കുവെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിക്കുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഖണ്ഡിക 17-ന്റെ തലക്കെട്ട് 'ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ' എന്നും ഫാറം നമ്പർ1-ന്റെ തലക്കെട്ട് "ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

8. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ ഖണ്ഡിക 18 വിശദമായി പരിശോധിച്ച സമിതി ഖണ്ഡിക 18(1)-ൽ ".......... അപേക്ഷകന്റെ ചെറുകിട തോട്ടം പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും തൊഴിലുടമയ്ക്ക് 2-ാം നമ്പർ ഫാറത്തിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്" എന്നും ഖണ്ഡിക 18(2)-ൽ "........ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള ഏതെങ്കിലും വിവരത്തിൽ മാറ്റം സംഭവിക്കുകയാണെങ്കിൽ തൊഴിലുടമ സർട്ടിഫിക്കറ്റ് ഭേദഗതി വരുത്തുന്നതിന് വേണ്ടി 3-ാം നമ്പർ ഫാറത്തിൽ ....... അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്നും പറഞ്ഞിരിക്കുകയും എന്നാൽ ഫാറം നമ്പർ 3-ന്റെ തലക്കെട്ട് "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തുവാനുള്ള അപേക്ഷ" എന്നാണ് ചേർത്തിരിക്കുന്നതെന്ന് നിരീക്ഷിച്ചു. രജിസ്ട്രേഷൻ തൊഴിലുടമയ്ക്കാണോ തോട്ടത്തിനാണോയെന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെടുകയും

തോട്ടത്തിനും തൊഴിലുടമയ്ക്കും രജിസ്ട്രേഷൻ ആവശ്യമാണെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഫാറം നമ്പർ 3-ന്റെ തലക്കെട്ട് "ചെറുകിട തോട്ടത്തിന്റെ/ചെറുകിട തോട്ടം തൊഴിലുടമയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള അപേക്ഷ" എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

9. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് ഫാറം 1-ൽ 'തൊഴിലുടമയുടെ രജിസ്ട്രേഷനുള്ള അപേക്ഷ' എന്ന് നൽകിയിരിക്കുന്നത് "ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്നും ഫാറം നമ്പർ 2-ന്റെ തലക്കെട്ടായ "തൊഴിലുടമയ്ക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്നത് "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

10. "ഏതെങ്കിലും ചെറുകിട തോട്ടം കൈമാറ്റം ചെയ്യപ്പെടുകയോ, പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നപക്ഷം .... രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുവാൻ ആവശ്യപ്പെടേണ്ടതാണ്" എന്ന് ഖണ്ഡിക 18(6)-ലും രജിസ്ട്രേഷൻ റദ്ദ് ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് തോട്ടത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ജില്ലാ ഓഫീസർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഖണ്ഡിക 18(7)-ലും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 18-ൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച് വിശദീകരണം ആരായുകയുണ്ടായി. നടപടിക്രമങ്ങൾ പാലിച്ചശേഷം രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിനുള്ള അപേക്ഷ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന വിവരം അപേക്ഷകനെ അറിയിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഖണ്ഡിക 18(7)-ൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. പ്രസ്തുത വെളിപ്പെടുത്തലിന്റെ വെളിച്ചത്തിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ള വ്യവസ്ഥകൂടി പദ്ധതിയുടെ ഖണ്ഡിക 18(7)-ൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

11. അദ്ധ്യായം 3-ന്റെ ശീർഷകം 'അംഗത്വവും രജിസ്ട്രേഷനും' എന്നും അദ്ധ്യായം 5-ന്റെ ശീർഷകം 'രജിസ്ട്രേഷനും റിക്കാർഡുകളുടെ സൂക്ഷിപ്പും' എന്നും നൽകിയിരിക്കുന്നത് പരിശോധിച്ച സമിതി അദ്ധ്യായം 3-ൽ തൊഴിലാളികളുടെ നിധിയിലെ അംഗത്വവും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതും സംബന്ധിച്ച

വ്യവസ്ഥകളും അദ്ധ്യായം 5-ൽ തൊഴിലാളി പദ്ധതിയിൽ അംഗമാകുന്നതും തൊഴിലുടമ ചെറുകിടത്തോട്ടത്തിന്റെയും തൊഴിലാളികളുടെയും മറ്റും വിവരങ്ങളുൾപ്പെടുത്തിയ രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നിരീക്ഷിച്ചു. അദ്ധ്യായം 3, 5 എന്നിവയുടെ ശീർഷകത്തിൽ വ്യക്തതവരുത്തേണ്ടതല്ലേയെന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 'രജിസ്ട്രേഷൻ' എന്ന് പറഞ്ഞിരിക്കുന്നത് തോട്ടത്തിന്റെ രജിസ്ട്രേഷനാണെന്നും 'അംഗത്വം' എന്നത് കൊണ്ടുദ്ദേശിക്കുന്നത് തൊഴിലാളിയുടെ ക്ഷേമനിധിയിലെ അംഗത്വമാണെന്നും അദ്ധ്യായം 3, 5 എന്നിവ പരസ്പരം ബന്ധപ്പെട്ടതാണെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതി മുൻപാകെ വിശദീകരിക്കുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യായം 3, 5 എന്നിവയ്ക്ക് കൂടുതൽ വ്യക്തത ലഭിക്കുന്നതിന് അദ്ധ്യായം 3-ൽ തോട്ടം ഉടമയുടെ രജിസ്ട്രേഷൻ മാത്രമാക്കുകയും തൊഴിലാളികളുടെ ക്ഷേമനിധിയിലെ അംഗത്വം അദ്ധ്യായം 5-ൽ ഉൾപ്പെടുത്തി പദ്ധതിയിൽ തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

12. അംശദായത്തിന്റെ അന്തിമ തിട്ടപ്പെടുത്തൽ സംബന്ധിച്ച് പരാതിയുള്ള ഏതൊരാൾക്കും അപ്പീൽ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ ഖണ്ഡിക 21-ലെ ഉപഖണ്ഡിക (2)-ൽ 'അപ്പീൽ കിട്ടി 15 ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ അപ്പീലിന്മേൽ നടപടി ആരംഭിക്കേണ്ടതാണ്,' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് പരിശോധിച്ച സമിതി ഒരു അപേക്ഷ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നതിന് പകരം നടപടി ആരംഭിക്കുന്നതിന് 15 ദിവസത്തെ സമയം നൽകിയിരിക്കുന്നത് ഉചിതമാണോയെന്നത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് ഖണ്ഡിക 21(2)-ലെ 'അപ്പീൽ കിട്ടി 15 ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ അപ്പീലിന്മേൽ നടപടി ആരംഭിക്കേണ്ടതാണ് ' എന്ന ഭാഗം ഒഴിവാക്കി പകരം 'അപ്പീൽകിട്ടി 60 ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ തീർപ്പാക്കേണ്ടതാണ് ' എന്ന് ചേർക്കേണ്ടതു ണ്ടെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ആയതിന്റെ വെളിച്ചത്തിൽ ഖണ്ഡിക 21(2) അപ്രകാരം തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

13. അംഗത്വത്തിനുള്ള ഒരാളുടെ അപേക്ഷയിന്മേൽ അംഗത്വത്തിന് അർഹതയില്ലെന്ന് കാണുന്നപക്ഷം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ '90 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും അപേക്ഷകനെ അറിയിക്കേണ്ടതുമാണ് ' എന്ന് ഖണ്ഡിക 29(1)-ലെ വ്യവസ്ഥ പരിശോധിച്ച സമിതി പ്രസ്തുത വ്യവസ്ഥപ്രകാരം തീരുമാനം 90 ദിവസത്തിനകം എടുത്താൽ മതിയാകുമെന്നും, തീരുമാനം അപേക്ഷകനെ '90' ദിവസത്തിനകം അറിയിക്കേണ്ടതില്ലെന്നുമാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നതെന്ന്

വിലയിരുത്തുകയും ആയതിനാൽ "അപേക്ഷ കിട്ടി 90 ദിവസത്തിനകം അപേക്ഷയിന്മേലുള്ള തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുവാൻ" ഖണ്ഡിക 29(1)-ൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

14. രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കാവുന്നതാണ് എന്ന ഖണ്ഡിക 42-ലെ വ്യവസ്ഥ, ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും ...... ആയ സ്ത്രീ അംഗത്തിന് പ്രസവാനുകൂല്യമായി 2,000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന ഖണ്ഡിക 39(1)-ലെ വ്യവസ്ഥ, മൂന്ന് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കും കുടുംബാഗങ്ങൾക്കും .................... ചികിത്സയ്ക്ക് .......... തുക ........... നിധിയിൽ നിന്നും നൽകേണ്ടതാണ്" എന്ന ഖണ്ഡിക 41-ലെ വ്യവസ്ഥ എന്നിവ പരിശോധിച്ച സമിതി വിദ്യാഭ്യാസ ആനുകൂല്യത്തിന് രണ്ട് വർഷം, ചികിത്സ ആനുകൂല്യത്തിന് മൂന്ന് വർഷം, പ്രസവാനുകൂല്യത്തിന് ഒരു വർഷം എന്നിങ്ങനെ ആനുകൂല്യത്തിനുള്ള അർഹതയ്ക്കായി അംശദായം അടയ്ക്കേണ്ട കാലയളവ് വ്യത്യസ്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളത് ഉചിതമാണോയെന്നും ആനുകൂല്യത്തിനുള്ള അംഗത്വ കാലയളവ് സംബന്ധിച്ച മാനദണ്ഡം എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ആരായുകയുണ്ടായി. പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവ് ഏകീകരിക്കാവുന്നതാണെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിപ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾക്കുള്ള അർഹതയ്ക്കായി അംശദായം അടയ്ക്കേണ്ട കാലയളവ് ഏകീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

15. ഖണ്ഡിക 45(1) പ്രകാരമുള്ള പ്രസവാനുകൂല്യത്തിനുള്ള അപേക്ഷയുടെ മാതൃകയായ ഫാറം നമ്പർ 17 പരിശോധിച്ച സമിതി ഫാറത്തിലെ ക്രമ നമ്പർ 1-ൽ അംഗത്തിന്റെ പേര് എന്നും ക്രമ നമ്പർ 6-ൽ ഭർത്താവിന്റെ/അച്ഛന്റെ പേര് എന്നും ചേർത്തിട്ടുണ്ടെങ്കിലും ക്രമനമ്പർ 12(1)-ൽ പ്രസവിച്ച/ഗർഭം അലസൽ സംഭവിച്ച സ്ത്രീയുടെ പേര് എന്നും ക്രമനമ്പർ 12(3)-ൽ ഭർത്താവിന്റെ പേര് എന്നും ആവർത്തിച്ചിരിക്കുന്നത് കണ്ടെത്തി. ആയതിനാൽ, 12(1), 12(2), 12(3) എന്നിവ ഒഴിവാക്കണമെന്നും പകരം ഖണ്ഡിക 12-ൽ "പ്രസവിച്ച/ഗർഭം അലസൽ സംഭവിച്ച തീയതി" എന്ന് ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഫാറത്തിന്റെ സത്യപ്രസ്താവനയ്ക്ക് താഴെ 'അപേക്ഷകന്റെ ഒപ്പ് ' എന്നും ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് 'അപേക്ഷകന് ............. നിരസിച്ചു" എന്നും ചേർത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സമിതി, പദ്ധതിയിലെ ഖണ്ഡിക 39 പ്രകാരം പ്രസവാനുകൂല്യം സ്ത്രീ അംഗങ്ങൾക്ക് മാത്രമായതിനാൽ സത്യപ്രസ്താവനയ്ക്ക് താഴെ ചേർത്തിട്ടുള്ള 'അപേക്ഷകന്റെ

ഒപ്പ്/വിരലടയാളം' എന്നതിന് പകരം 'അപേക്ഷകയുടെ ഒപ്പ്/വിരലടയാളം' എന്നും ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് ചേർത്തിരിക്കുന്ന 'അപേക്ഷകന്' 'എന്നത് 'അപേക്ഷകയ്ക്ക്' ' എന്നും തിരുത്തൽ വരുത്തണമെന്നും നിർദ്ദേശിക്കുന്നു.

16. ഖണ്ഡിക 49-ന് 2 ഉപഖണ്ഡികകളുണ്ടെങ്കിലും ഖണ്ഡിക 49-ന്റെ (1)-ാം ഉപഖണ്ഡികയ്ക്ക് അക്കം ഇട്ടിട്ടില്ലാത്തതിനാൽ ആയത് (1) എന്ന അക്കമിടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. 43-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ആശ്രിത ധനസഹായത്തിന് "20-ാം നമ്പർ ഫാറത്തിൽ............അപേക്ഷിക്കേണ്ടതാണ്" എന്ന് ഖണ്ഡിക 45(1)-ൽ പറഞ്ഞിട്ടുണ്ടെങ്കിലും 43-ാം ഖണ്ഡികയുടെ തലക്കെട്ടിലും, ഖണ്ഡിക 43(1)-ലും മരണാനന്തര ധനസഹായം എന്നാണ് ചേർത്തിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി നിധിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വ്യവസ്ഥകളാണ് ഖണ്ഡിക 43-ൽ പറഞ്ഞിട്ടുള്ളത് എന്നതിനാൽ പ്രസ്തുത ഖണ്ഡികയുടെ തലക്കെട്ടിലും, ഖണ്ഡിക 43(1)-ലും ചേർത്തിട്ടുള്ള 'മരണാനന്തര ധനസഹായം' എന്നത് 'ആശ്രിത ധനസഹായം ' എന്ന് തിരുത്തൽ വരുത്താൻ നിർദ്ദേശിക്കുന്നു.

18. ആശ്രിത ധനസഹായം ലഭിക്കുന്നതിന് ഖണ്ഡിക 45(1) പ്രകാരം നൽകിയിട്ടുള്ള ഫാറം 20-ന്റെ ക്രമനമ്പർ 11-ൽ "ധനസഹായത്തിന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേർ ഉണ്ടെങ്കിൽ അപേക്ഷകന് ആനുകൂല്യം നൽകുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ"യെന്ന് ചേർത്തിട്ടുണ്ടെങ്കിലും ആയത് ഖണ്ഡിക 43-ൽ പരാമർശിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ട സമിതി ആശ്രിത ധനസഹായത്തിന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽപേർ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം മറ്റ് അവകാശികളുടെ സമ്മതപത്രംകൂടി ഹാജരാക്കണമെന്ന വ്യവസ്ഥകൂടി ഖണ്ഡിക 45(3)-ൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നു.

19. 60 വയസ്സ് പൂർത്തിയാക്കി ജോലിയിൽ നിന്ന് വിരമിക്കുന്ന അംഗത്തിന്റെ പ്രതിമാസ പെൻഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഖണ്ഡിക 33(1)-ലാണ് പറഞ്ഞിട്ടുള്ളതെന്നിരിക്കെ 60 വയസ്സ് പൂർത്തിയാക്കി പെൻഷനാകുന്ന അംഗം പെൻഷനുള്ള അപേക്ഷ സമർപ്പിക്കണമെന്നത് സംബന്ധിച്ച വ്യവസ്ഥ 'അവശതാ പെൻഷൻ' സംബന്ധിച്ച ഖണ്ഡിക 34-ന്റെ (3)-ാം ഉപഖണ്ഡികയായി ചേർത്തിട്ടുള്ളത് ഉചിതമല്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ഖണ്ഡിക 34(3)-ലെ മേൽപ്പറഞ്ഞ വ്യവസ്ഥ ഖണ്ഡിക 33(2)-ആയി ചേർക്കാൻ സമിതി നിർദ്ദേശിക്കുന്നു.

20. പെൻഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ട വിധവും, അപേക്ഷ തീർപ്പാക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ ഖണ്ഡിക 38 പരിശോധിച്ച സമിതി ഖണ്ഡിക 38(2)-ൽ പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ കാലതാമസം കൂടാതെ പെൻഷൻ അനുവദിച്ചുള്ള/നിരസിച്ചുള്ള ഉത്തരവ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തുകയും ' കാലതാമസം കൂടാതെ അപേക്ഷ തീർപ്പാക്കണം' എന്നതിനു പകരം പെൻഷനുള്ള അപേക്ഷ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിക്കണം എന്നാവശ്യപ്പെട്ടു. പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ 90 ദിവസത്തിനകം പെൻഷൻ അനുവദിച്ചുള്ള/നിരസിച്ചുള്ള ഉത്തരവ് നൽകണമെന്ന് ഖണ്ഡിക 38(2)-ൽ വ്യവസ്ഥ ചെയ്യാവുന്നതാണെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഭേദഗതി വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

21. ആക്ടിലെ 25-ാം വകുപ്പ് പ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ട് ജൂലൈ അവസാനത്തിന് മുൻപ് സമർപ്പിക്കേണ്ടതാണെങ്കിലും പദ്ധതിയിലെ ഖണ്ഡിക 50(4)-ൽ ഓരോ വർഷവും ജൂലൈ 31-ാം തീയതിക്കകമോ സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിക്കകമോ, ആസ്തിയുടെ തരംതിരിച്ചുള്ള സംക്ഷിപ്തവിവരണം തയ്യാറാക്കി വാർഷിക റിപ്പോർട്ടിനൊടൊപ്പം സർക്കാരിൽ സമർപ്പിക്കേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുകയും ജൂലൈ 31-ന് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിനോടൊപ്പ മാണ് ആസ്തി സംബന്ധിച്ച വിവരണം സമർപ്പിക്കേണ്ടത് എന്നതിനാൽ 'മറ്റേതെങ്കിലും തീയതിക്കകമോ' എന്ന് ചേർത്തിരിക്കുന്നത് ക്രമപ്രകാരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. 'സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിക്കകമോ' എന്നത് ആക്ടിലെ 25(1) വകുപ്പിന് വിരുദ്ധമല്ലേയെന്ന് സമിതി ആരാഞ്ഞതിന് വാർഷിക റിപ്പോർട്ട് ജൂലൈ അവസാനത്തിന് മുൻപ് സമർപ്പിക്കേണ്ടതാണെന്നാണ് 25-ാം വകുപ്പിൽ പറയുന്നതെന്നും ജൂലൈ 31-ാം തീയതിക്കകം സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിനൊടൊപ്പമാണ് ആസ്തി സംബന്ധിച്ച വിവരണം സമർപ്പിക്കേണ്ടത് എന്നതിനാൽ 'മറ്റേതെങ്കിലും തീയതിക്കകമോ' എന്ന ഖണ്ഡിക 50(4)-ൽ ചേർത്തിട്ടുള്ളത് ശരിയല്ലെന്നും അത് മാറ്റേണ്ടതാണെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ 'മറ്റേതെങ്കിലും തീയതിക്കകമോ' എന്ന വാക്കുകൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

22. ഖണ്ഡിക 54(1) പ്രകാരം നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ന്യൂനതകൾ പരിഹരിച്ച് അത് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റ് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി പദ്ധതിയിലെ (എസ്. ആർ. ഒ. നമ്പർ 984/2009) വ്യവസ്ഥ ഖണ്ഡിക 54(3) ആയി പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിക്കുന്നു.

23. പ്രതിമാസം 20 രൂപ വീതം ഒരു വർഷത്തേക്ക് 240 രൂപ ഓരോ തോട്ടം തൊഴിലാളിയും തൊഴിലുടമയും നിധിയിലേക്ക് അംശദായം നൽകേണ്ടതാണെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും എന്നാൽ ചെറുകിട തോട്ടമായതുകൊണ്ട് ഒരു തൊഴിലാളി ഒന്നിൽ കൂടുതൽ തോട്ടങ്ങളിൽ ജോലി ചെയ്യാമെന്നുള്ളതുകൊണ്ട് തന്നെ ഒരു തൊഴിലാളിക്ക് ഒന്നിൽ കൂടുതൽ തൊഴിൽ ഉടമകൾ ഉണ്ടായിരിക്കുമെന്നും വർഷത്തിൽ എല്ലാ ദിവസവും തൊഴിലാളിക്ക് തൊഴിൽ ഉണ്ടായിരിക്കുകയില്ലെന്നും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. അത്തരം സന്ദർഭങ്ങളിൽ ഏത് തൊഴിലുടമയാണ് വിഹിതം അടയ്ക്കേണ്ടത് എന്ന കാര്യത്തിൽ തർക്കം നിലനില്ക്കുന്നതായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ ചൂണ്ടികാട്ടി. ഈ വിഷയം സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ഒരു തൊഴിലാളി നാല് ഉടമകൾക്ക് കീഴിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച് ഒരു പരിശോധന നടത്തിയശേഷം ഇന്ന വ്യക്തി ഒരു തൊഴിലുടമയോടൊപ്പം കൂട്ടി ചേർത്തിട്ടുണ്ടെന്ന ഒരു പ്രഖ്യാപനം നാല് പേർക്കും കൊടുക്കണമെന്ന് അഭിപ്രായപ്പെട്ടു. സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങളെ സംബന്ധിച്ച് എന്ത് വ്യവസ്ഥയാണുള്ളതെന്ന് സമിതി ആരാഞ്ഞതിന് ചട്ടം 19(4)-ൽ ഇതു സംബന്ധിച്ച് ഒരു വ്യവസ്ഥയുണ്ടെന്നും സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങൾ അവരുടെ അംശദായം രണ്ടാം വിഭാഗത്തിൽ കാണിച്ച രീതിയിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രാദേശിക ചെക്ക്/ഡി. ഡി. ആയോ പണമായോ അടയ്ക്കേണ്ടതും അഞ്ചാം നമ്പർ ഫാറം സമർപ്പിക്കേണ്ടതുമാണെന്നും സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങൾക്ക് ആറ് മാസത്തെയോ ഒരു വർഷത്തെയോ അംശദായം ഒന്നിച്ച് മുൻകൂറായി അടയ്ക്കാവുന്നതാണെന്നും തൊഴിലുടമയുടെയും തൊഴിലാളിയുടെയും അംശദായമടക്കം ഒരു മാസം നാല്പത് രൂപ വച്ച് അടയ്ക്കണമെന്നും സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങൾ ചെയ്യുന്നതുപോലെ തന്നെ രണ്ടോ മൂന്നോ തൊഴിലുടമകൾ ഉള്ള ആൾക്കാർക്കും അങ്ങനെ ചെയ്യാമെന്ന് ചട്ടം 19(4)-ൽ ഭേദഗതി വരുത്തണമെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിച്ചു. ആയതിനാൽ ഒരു തൊഴിലാളി ഒന്നിലധികം തൊഴിലുടമകളുടെ കീഴിൽ പണിയെടുക്കുന്നുവെങ്കിൽ ആര് അംശദായം അടയ്ക്കണ മെന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ സമിതി ശിപാർശ ചെയ്യുന്നു.

**എസ്. ആർ. ഒ. നമ്പർ 409/2009 തീയതി 25-5-2009**
**[ജി. ഒ. (എംഎസ്.) നമ്പർ 64/2009/തൊഴിൽ തീയതി 20-5-2009]**

24. 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ടിലെ (2008-ലെ 17) 6-ാം വകുപ്പ് (1)-ഉം (3)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനായി പുറപ്പെടുവിച്ചതാണ് എസ്. ആർ. ഒ. നമ്പർ 409/2009.

25. പദ്ധതിയിലെ ഖണ്ഡിക 3(2) പ്രകാരം ബോർഡിലെ സർക്കാർ

പ്രതിനിധികളിലൊരാൾ സെക്രട്ടേറിയറ്റിലെ തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നായിരിക്കേണ്ടതാണെങ്കിലും തൊഴിൽ വകുപ്പിൽ നിന്നുള്ള പ്രതിനിധിയെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തിയ സമിതി ബോർഡ് രൂപീകരിക്കുമ്പോൾ എല്ലാ പ്രതിനിധികളെയും ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**എസ്. ആർ. ഒ. നമ്പർ 1012/2009 തീയതി 26-11-2009**
**[ജി. ഒ. (എംഎസ്.) നമ്പർ 159/2009/തൊഴിൽ തീയതി 24-11-2009]**

26. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയായിരുന്ന ശ്രീ. രാജൻ പിള്ളയ്ക്ക് പകരം ശ്രീ. എം. എൽ. ടോണി വിൻസന്റിനെ ഉൾപ്പെടുത്തുന്നതിനായി ആക്റ്റിലെ 6(3), 6(5), 7 (4) എന്നീ വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ചതാണ് എസ്. ആർ. ഒ. നമ്പർ 1012/09. 409/09-ാം നമ്പർ എസ്. ആർ. ഒ. പ്രകാരം രൂപീകൃതമായ ബോർഡിൽ എസ്. ആർ. ഒ. പുറപ്പെടുവിച്ച് 6 മാസങ്ങൾക്ക് ശേഷം ബോർഡിലെ സർക്കാർ പ്രതിനിധിയായ ഡയറക്ടർമാരിൽ ഒരാളെ മാറ്റി നിയമിക്കുന്നതിനായാണ് 1012/09-ാം നമ്പർ എസ്. ആർ. ഒ. പുറപ്പെടുവിച്ചതെങ്കിലും അപ്പോഴും ആക്റ്റ് പ്രകാരം ബോർഡിൽ ഉണ്ടായിരിക്കേണ്ട '15' ഡയറക്ടർമാരിൽ '9' പേരുടെ കുറവ് നികത്തിയിട്ടില്ല എന്നത് നിരീക്ഷിച്ച സമിതി ശേഷിക്കുന്ന '9' ഡയറക്ടർമാരെക്കൂടി ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ഭാവിയിൽ ബോർഡിൽ 15 ഡയറക്ടർമാരെയും ഉൾപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

**എസ്. ആർ. ഒ. നമ്പർ 568/2010 തീയതി 9-6-2010**
**[ ജി.ഒ. (എംഎസ്.) നമ്പർ 65/2010/തൊഴിൽ തീയതി 9-6-2010]**

27. എസ്. ആർ. ഒ. നമ്പർ 409/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തിരുന്ന ശ്രീ. എം. എൽ. ടോണി വിൻസന്റിന് പകരം ശ്രീ. എ. അബ്ദുൾ നിസ്സാറിനെ ഉൾപ്പെടുത്തുന്നതിനായി പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത എസ്. ആർ. ഒ. പരിശോധിച്ച സമിതി 409/2009-ാം നമ്പർ എസ്. ആർ. ഒ. പ്രകാരം രൂപീകരിച്ച ബോർഡിൽ ശ്രീ. എം. എൽ. ടോണി വിൻസന്റിനെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും, 1012/09-ാം നമ്പർ എസ്. ആർ. ഒ. മുഖേനയാണ് ടിയാനെ ബോർഡിൽ ഉൾപ്പെടുത്തിയിരുന്നതെന്നും കണ്ടെത്തുകയുണ്ടായി. 1012/09-ാം നമ്പർ എസ്. ആർ. ഒ. സംബന്ധിച്ച് 568/2010-ാം നമ്പർ എസ്. ആർ. ഒ.യുടെ വിശദീകരണക്കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച് ടി എസ്. ആർ. ഒ.യുടെ ഓപ്പറേറ്റീവ് പാർട്ടിൽ പറഞ്ഞിട്ടില്ലെന്ന് സമിതി കണ്ടെത്തി. അസൽ എസ്. ആർ. ഒ.യിൽ വരുത്തുന്ന ഭേദഗതികളെല്ലാം ടി എസ്. ആർ. ഒ.യുടെ ഭാഗമായി മാറുമെങ്കിലും കൂടുതൽ വ്യക്തതയും self explanatory ആകുന്നതിനുമായി

എസ്. ആർ. ഒ.യുടെ ഓപ്പറേറ്റീവ് പാർട്ടിൽ എസ്. ആർ. ഒ. നമ്പർ 409/09 മുഖേന രൂപീകരിച്ച ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ എസ്. ആർ. ഒ. നമ്പർ 1012/09 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തിരുന്ന ശ്രീ. എം. എൽ. ടോണി വിൻസന്റിന് പകരം ' ശ്രീ. ....................................... ' എന്നാകുന്നതായിരുന്നു ഉചിതമെന്ന് അഭിപ്രായപ്പെട്ട സമിതി ഭാവിയിൽ ഇത്തരത്തിലുള്ള എസ്. ആർ. ഒ.കൾ പുറപ്പെടുവിക്കുമ്പോൾ ഇപ്രകാരമുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി ആയിരിക്കണം വിജ്ഞാപനം ചെയ്യേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

## എസ്. ആർ. ഒ. നമ്പർ 2000/2012 തീയതി 27-3-2012 [ജി.ഒ. (എംഎസ്.) നമ്പർ 41/2012/തൊഴിൽ തീയതി 21-3-2012]

28. എസ്. ആർ. ഒ. നമ്പർ 409/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം പ്രകാരം രൂപീകൃതമായ ബോർഡിൽ സർക്കാർ പ്രതിനിധിയായി ഉൾപ്പെടുത്തിയിരുന്ന ശ്രീമതി ഉഷ ഹെലൻവാസിന് പകരം ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയായ ശ്രീമതി ബി. പ്രസന്നകുമാരിയെ ഉൾപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച പ്രസ്തുത എസ്. ആർ. ഒ. സമിതി പരിശോധിക്കുകയും ടി എസ്. ആർ. ഒ.യുടെ ഓപ്പറേറ്റീവ് പാർട്ട്, വിശദീകരണക്കുറിപ്പ് എന്നിവയിൽ ചേർത്തിട്ടുള്ള "ശ്രീമതി ബി. പ്രസന്നകുമാരിയെ ഡയറക്ടറായി നാമനിർദ്ദേശം ചെയ്ത് " എന്നത് "ശ്രീമതി ബി. പ്രസന്നകുമാരിയെ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്ത് " എന്ന് തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.